30
TUESDAY
APRIL 2019

# ദുബായ് വാർത്ത

www.dubaivartha.com

A WHATSAPP NEWS PAPER

PAGE 1

## കള്ളവോട്ട് ചെയ്യാനുള്ള ബി.ജെ.പി പ്രവർത്തകരുടെ ശ്രമം തടഞ്ഞെന്ന വാർത്ത റിപ്പോർട്ടു ചെയ്ത

# മാധ്യമപ്രവർത്തകന് ക്രൂരമർദ്ദനം



അസമീസ് ദിനപത്രമായ ദൈനിക് അസമിൽ വാർത്ത നൽകിയതിനാണ് മാധ്യമപ്രവർത്തകനായ രാജൻ ദേകയെ ബി.ജെ.പി പ്രവർത്തകർ ആക്രമിച്ചത്. പടിഞ്ഞാറൻ അസമിലെ നാൽബരി ജില്ലയിലെ മുകൽമ്വ പൊലീസ്‌സ്റ്റേഷന് കീഴിലുള്ള പോളിങ് ബൂത്തിലാണ് ബി.ജെ.പി പ്രവർത്തകർ കള്ളവോട്ട് ചെയ്യാൻ ശ്രമിച്ചത്.

---

# ചീഫ് ജസ്റ്റിസ് രഞ്ജൻ ഗോഗോയ്ക്കെതിരെ ലൈംഗികാതിക്രമ പരാതി നൽകിയ യുവതിയെ സഹായിച്ചത് അഡ്വ.പ്രശാന്ത് ഭൂഷണെന്ന് അഡ്വ.എം.എൽ ശർമ്മ.



സുപ്രീം കോടതിയിൽ ചീഫ് ജസ്റ്റിസിന്റെ ബെഞ്ചിലാണ് എം.എൽ. ശർമ്മ ഇക്കാര്യം പറഞ്ഞത്. ഇക്കാര്യം മറ്റേതെങ്കിലും ബെഞ്ചിൽ ഉന്നയിക്കാൻ എം.എൽ ശർമ്മയ്ക്ക് ചീഫ് ജസ്റ്റിസിന്റെ നിർദേശം നൽകി.

---

# വടകരയിലും കള്ളവോട്ട് നടന്നു.

## യു.ഡി.എഫ് സ്ഥാനാർഥി കെ. മുരളീധരൻ.



60 ബൂത്തുകളിലാണ് കള്ളവോട്ട് നടന്നതെന്നും 162 ബൂത്തുകളെ പ്രശ്നബാധിത ബൂത്തുകളായി കോടതി പ്രഖ്യാപിച്ചിട്ടും തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ സുരക്ഷയൊരുക്കിയില്ലെന്നും മുരളീധരൻ ആരോപിച്ചു.

30
TUESDAY
APRIL 2019

ദുബായ് വാർത്ത
www.dubaivartha.com
A WHATSAPP NEWS PAPER


# ദുബായിലെ കടൽ തീരങ്ങളിലെ ജൈവവ്യവസ്ഥ സംരക്ഷിക്കാൻ 'കുളങ്ങൾ'



വേലിയേറ്റത്തിൽ പാറക്കെട്ടുകൾക്കിടയിൽ അടിച്ചുകയറുന്ന വെള്ളം കെട്ടിനിർത്തി കടൽജീവികൾക്ക് സുരക്ഷിത ആവാസകേന്ദ്രമൊരുക്കാനാണ് വിഭാവനം ചെയ്യുന്നത്. ഞണ്ടുകൾ, ചിപ്പിവർഗത്തിൽപെട്ട ജീവികൾ, തുടങ്ങിയവയെ സംരക്ഷിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

# ദുബായിൽ വ്യാജ വാട്ട്സാപ്പ് സന്ദേശങ്ങൾ പരക്കുന്നു



എ.ടി .എം കാർഡ് ബ്ലോക്ക് ചെയ്തെന്നെ പേരിൽ വ്യാജ വാട്ട്സാപ്പ് സന്ദേശങ്ങൾ പരക്കുന്നുവെന്നും ബാങ്കിൻറെ പേരിൽ ലഭിക്കുന്ന സന്ദേശങ്ങളിലെ ലിങ്കുകൾ തുറക്കരുതെന്നും ദുബായ് പോലീസ് ട്വീറ്റ് ചെയ്തു.

# ഫോനി ഒഡീഷ തീരത്തേക്ക്;
## കേരളത്തിൽ യെല്ലോ അലേർട്ട് പിൻവലിച്ചു.



ഫോനി ചുഴലിക്കാറ്റ് അകന്നു പോകുന്നതിനാൽ കേരളത്തിൽ ഇതിന്റെ പ്രഭാവം കുറയുമെന്നാണ് വിലയിരുത്തൽ. കേരളത്തിലെ ഒരു ജില്ലയിലും ഇനി യെല്ലോ അലർട്ട് ഉണ്ടായിരിക്കില്ല.

# പത്താം ക്ലാസുകാരിയുടെ ജഡം കണ്ടെത്തിയ കിണറ്റിൽ പെൺകുട്ടിയുടെ അസ്ഥികൂടം.



തെലങ്കാനയിൽ പത്താം ക്ലാസുകാരിയുടെ ജഡം കണ്ടെത്തിയ കിണറ്റിൽ നിന്നു മൂന്നു ദിവസങ്ങൾക്ക് ശേഷം മറ്റൊരു പെൺകുട്ടിയുടെ അസ്ഥികൂടം കൂടി കണ്ടെടുത്തു. വിദ്യാർഥികൾ മാനഭംഗത്തിന് ഇരയായെന്ന് സംശയമുണ്ട്. കഴിഞ്ഞ വ്യാഴാഴ്ചയാണ് പത്താം ക്ലാസുകാരിയായ വിദ്യാർഥി ക്ലാസ് കഴിഞ്ഞ് വീട്ടിലെത്തിയില്ലെന്ന് രക്ഷിതാക്കൾ പൊലീസിൽ പരാതി നൽകിയത്.

ദുബായ് വാർത്ത
www.dubaivartha.com
A WHATSAPP NEWS PAPER



# പരാജയം മോദിയുടെ മുഖത്ത് ഇപ്പോൾ തന്നെ ദൃശ്യമാണ്:

## ആത്മവിശ്വാസത്തോടെ രാഹുൽ ഗാന്ധി



ചൊവ്വാഴ്ച ബിഹാറിലെ ബന്ദൽഘണ്ഡിലെ തെരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഹുൽ ഗാന്ധി.

# പിണറായി വിജയനെതിരായ വിദേശ യാത്രാ ഹർജി ഹൈക്കോടതി തള്ളി



സ്വകാര്യ ആവശ്യങ്ങൾക്കായി പൊതു ഖജനാവിൽ നിന്ന് പണം ചെലവിട്ട് വിദേശയാത്രകൾ നടത്തിയെന്ന് ആരോപിച്ച് കന്യാകുമാരി സ്വദേശി ഡി. ഫ്രാൻസിസ് നൽകിയ ഹർജിയാണ് തള്ളിയത്.

# ഇനി ലോകകപ്പിന് 30 നാൾ;

## പടനായകരിൽ കോഹ്‌ലി സഹിതം 7 പുതുമുഖങ്ങൾ



മേയ് 30ന് ലണ്ടനിലെ ഓവലിൽ ആതിഥേയരായ ഇംഗ്ലണ്ടും ദക്ഷിണാഫ്രിക്കയും തമ്മിലാണ് ഉദ്ഘാടന മത്സരം.